"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ
സംഗ്രഹം

ടൈപ്പിസ്റ്റ് തസ്തികയിൽ നിന്നും തസ്തിക മാറ്റം വഴി ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നവരുടെ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് സ്പഷ്ടീകരണം നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

ധനകാര്യ (പി.ആർ.സി-എ) വകുപ്പ്

സ.ഉ.(അച്ചടി) നം. 113/2026/ധന **തിരുവനന്തപുരം, തീയതി: 30/10/2026**

പരാമർശം: 08/08/2008 തീയതിയിലെ സർക്കുലർ നമ്പർ. 46/2008/ധന

ഉത്തരവ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 'പ്രവേശന തസ്തിക'യെ (Entry Post) അടിസ്ഥാനമാക്കിയാണ് സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച് വരുന്നത്. പ്രവേശന തസ്തികയുടെ നിർവചനം പരാമർശം സർക്കുലറിലെ ഖണ്ഡിക (3)-ൽ വ്യക്തമാക്കിയിട്ടുള്ളതും, ടി സർക്കുലറിലെ ഖണ്ഡിക (35) പ്രകാരം സമയബന്ധിത ഹയർഗ്രേഡിനായി നിഷ്കർഷിച്ചിട്ടുള്ള കാലയളവിനുള്ളിൽ കെ.എസ്.ആർ ഭാഗം-1 ചട്ടം 28 A ഫിക്ഷേഷൻ ആനുകൂല്യത്തോടെ റഗുലർ പ്രൊമോഷൻ നേടിയവർക്ക് വീണ്ടും സമയബന്ധിത ഹയർഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നതല്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, പ്രസ്തുത സർക്കുലറിലെ ഖണ്ഡിക (18) പ്രകാരം "യു.ഡി.ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിന്നും തസ്തികമാറ്റം (category change) വഴി യു.ഡി ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്നവർക്ക് അവരുടെ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ സേവനകാലയളവ് കൂടി കണക്കിലെടുത്ത് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാവുന്നതാണ്" എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2. എന്നാൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച് തുടർന്നുള്ള യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ

കെ.എസ്.ആർ ഭാഗം -1 റൂൾ-28A നിർണയാനുകൂല്യത്തോടുകൂടി സ്ഥാനക്കയറ്റം ലഭ്യമായതിനു ശേഷം ശമ്പള സംരക്ഷണത്തോടുകൂടി തസ്തികമാറ്റം (category change) വഴി സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രവേശിക്കുന്ന ജീവനക്കാർക്ക് 15, 22 വർഷങ്ങളിലെ സമയബന്ധിത ഹയർഗ്രേഡ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ വ്യക്തത വരുത്തി ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് വിവിധ വകുപ്പുകളിൽ നിന്നും ജീവനക്കാരിൽ നിന്നും നിരവധി അപേക്ഷകൾ സർക്കാരിന് ലഭ്യമായിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തസ്തികമാറ്റം (category change) വഴി സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാരുടെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച് ചുവടെ പറയുന്ന പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച് തുടർന്നുള്ള യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളിൽ കെ.എസ്.ആർ.ഭാഗം-1 റൂൾ-28A നിർണയാനുകൂല്യത്തോടുകൂടി (രണ്ട് 28A ഫിക്സേഷൻ) regular promotions ലഭിക്കുകയും തുടർന്ന് 15 വർഷത്തിനു മുൻപുതന്നെ തസ്തികമാറ്റം വഴി (category change) സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുകയും ചെയ്യുന്ന ജീവനക്കാരൻ സീനിയർ ക്ലാർക്ക് തസ്തികയുടെ ശമ്പള സ്കെയിലിൽ തുടരേണ്ടതാണ്. പ്രസ്തുത ജീവനക്കാരന് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി അടിസ്ഥാനമാക്കി 15 വർഷം പൂർത്തീകരിക്കുന്ന തീയതിയിലെ ശമ്പളം ഹെഡ് ക്ലാർക്കിന്റെ ശമ്പള സ്കെയിലിൽ കെ.എസ്.ആർ ഭാഗം-1 റൂൾ 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്. തുടർന്ന് ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭ്യമാകുന്ന സമയത്തും ജീവനക്കാരനെ ടി സ്കെയിലിൽ തന്നെ കെ.എസ്.ആർ ഭാഗം-1 റൂൾ 30 പ്രകാരം നിലനിർത്തേണ്ടതാണ്. 22, 27 വർഷങ്ങളിലെ സമയബന്ധിത ഹയർഗ്രേഡുകൾ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി അടിസ്ഥാനമാക്കി സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച മറ്റ് അടിസ്ഥാന ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അനുവദിക്കേണ്ടതുമാണ്.

(ii) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച് തുടർന്നുള്ള യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളിൽ കെ.എസ്.ആർ ഭാഗം -1 റൂൾ -28A നിർണയാനുകൂല്യത്തോടുകൂടി regular promotions ലഭ്യമായി (രണ്ട് 28A ഫിക്സേഷൻ) 15 വർഷത്തിനു ശേഷം തസ്തികമാറ്റം (category change) വഴി സീനിയർ ക്ലാർക്ക് തസ്തികയിൽ

പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളം ഹെഡ് ക്ലാർക്കിന്റെ ശമ്പള സ്കെയിലിൽ കെ.എസ്.ആർ ഭാഗം-1 റൂൾ 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്. തുടർന്ന് ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭ്യമാകുന്ന സമയത്ത് ടി സ്കെയിലിൽ തന്നെ കെ.എസ്.ആർ ഭാഗം-1 റൂൾ 30 പ്രകാരം നിലനിർത്തേണ്ടതാണ്. തുടർന്നുള്ള 22, 27 വർഷങ്ങളിലെ സമയബന്ധിത ഹയർഗ്രേഡുകൾ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കുന്ന qualifying service അടിസ്ഥാനമാക്കി സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച മറ്റ് അടിസ്ഥാന ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി pay fixation അനുവദിക്കേണ്ടതുമാണ്.

(iii) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച് തുടർന്നുള്ള യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളിൽ കെ.എസ്.ആർ ഭാഗം-1 റൂൾ -28A നിർണയാനുകൂല്യത്തോടുകൂടി (മുന്ന് 28A ഫിക്ഷേഷൻ) regular promotions ലഭ്യമാകുകയും 15 വർഷത്തിനു മുൻപുതന്നെ തസ്തികമാറ്റം വഴി (category change)സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുകയും ചെയ്യുന്ന ജീവനക്കാരന്റെ ശമ്പളം എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തിയതി മുതൽ കണക്കാക്കുന്ന qualifying service അടിസ്ഥാനമാക്കി 15 വർഷം പൂർത്തീകരിക്കുന്ന തീയതിയിൽ ഹെഡ് ക്ലാർക്കിന്റെ ശമ്പള സ്കെയിലിലും, 22 വർഷം പൂർത്തീകരിക്കുന്ന തീയതിയിൽ ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിലും കെ.എസ്.ആർ ഭാഗം-1 റൂൾ 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്. ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്കും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കും regular promotion ലഭ്യമാകുന്ന അവസരങ്ങളിലും നിശ്ചിത കാലയളവ് പൂർത്തീകരിച്ച മുറയ്ക്ക് അനുവദിച്ച സമയബന്ധിത ഹയർഗ്രേഡ് സ്കെയിലിൽ കെ.എസ്.ആർ ഭാഗം -1 റൂൾ 30 പ്രകാരം നിലനിർത്തേണ്ടതാണ്. 27 വർഷത്തെ നാലാം സമയബന്ധിത ഹയർഗ്രേഡ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി അടിസ്ഥാനമാക്കി സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച മറ്റ് അടിസ്ഥാന ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അനുവദിക്കേണ്ടതുമാണ്.

(iv) എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച് തുടർന്നുള്ള യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികകളിൽ കെ.എസ്.ആർ ഭാഗം-1 റൂൾ -28A നിർണയാനുകൂല്യത്തോടുകൂടി (മുന്ന് 28A ഫിക്ഷേഷൻ) regular promotions ലഭ്യമായി 15 വർഷത്തിനു ശേഷം തസ്തികമാറ്റം (category change)വഴി സീനിയർ ക്ലാർക്ക് തസ്തികയിൽ പ്രവേശിക്കുന്ന ജീവനക്കാരന്റെ ശമ്പളം ഹെഡ് ക്ലാർക്കിന്റെ ശമ്പള സ്കെയിലിൽ കെ.എസ്.ആർ ഭാഗം-1 റൂൾ 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്. തുടർന്ന്

ഹെഡ് ക്ലാർക്ക് തസ്തികയിലേയ്ക്ക് regular promotion ലഭിക്കുന്ന അവസരത്തിലും, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ 22 വർഷം പൂർത്തിയാക്കുന്ന തീയതി പ്രാബല്യത്തിലും, തത്തുല്യ regular promotion (ജൂനിയർ സൂപ്രണ്ട്) ലഭ്യമാകുന്ന മുറയ്ക്കും ജീവനക്കാരന്റെ ശമ്പളം ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിൽ കെ.എസ്.ആർ.ഭാഗം-1 റൂൾ 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്. 27 വർഷത്തെ നാലാം സമയബന്ധിത ഹയർഗ്രേഡ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കുന്ന qualifying service അടിസ്ഥാനമാക്കി സമയബന്ധിത ഹയർഗ്രേഡ് സംബന്ധിച്ച മറ്റ് അടിസ്ഥാന ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി അനുവദിക്കേണ്ടതുമാണ്.

v) യു.ഡി.ക്ലാർക്ക് തസ്തികയ്ക്ക് അതത് വകുപ്പിൽ തുടർ regular promotion post നിലവിലില്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട ശമ്പള പരിഷ്കരണ ഉത്തരവുകളിലെ സമയബന്ധിത ഹയർഗ്രേഡ് പട്ടിക (Table Scale), Common Category/Special Rules എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി, പ്രകാരമുള്ള ശമ്പള സ്കെയിലുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കുന്ന qualifying service അടിസ്ഥാനമാക്കി 15, 22, 27 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് മേൽ ഖണ്ഡിക (i) മുതൽ (iv)വരെയുള്ള നിബന്ധനകൾക്ക് വിധേയമായി സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിക്കേണ്ടതാണ്.

(vi) മേൽ ഖണ്ഡിക (i) മുതൽ (iv) വരെയുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് തന്നെയാണ് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ പ്രവേശിച്ച് തുടർന്നുള്ള യു.ഡി.ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളിൽ കെ.എസ്.ആർ ഭാഗം-1 റൂൾ-28A നിർണയാനുകൂല്യത്തോടുകൂടി സ്ഥാനക്കയറ്റം ലഭ്യമായതിനു ശേഷം ശമ്പള സംരക്ഷണത്തോടുകൂടി തസ്തികമാറ്റം വഴി (Category Change) സീനിയർ ക്ലാർക്കായി പ്രവേശിക്കുന്ന ജീവനക്കാരന് 15, 22 വർഷങ്ങളിലെ സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ചിട്ടുള്ളതെന്നത് എല്ലാ വകുപ്പ് തലവൻമാരും ഉറപ്പ് വരുത്തേണ്ടതാണ്. മേൽപ്പറഞ്ഞ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ, ഒരു ജീവനക്കാരന് ഒരേ കാലയളവിൽ regular promotion- ന്റെയും TBHG-യുടെയും ഇരട്ട ആനുകൂല്യം ലഭിക്കുന്ന സാഹചര്യം ഉണ്ടാകരുത്. നിലവിലുള്ള TBHG Scheme - ൽ regular promotion ലഭിച്ചാൽ അതേ prescribed period- നായി വീണ്ടും TBHG അനുവദിക്കരുതെന്ന വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്. ഈ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, മുൻപ് അനുവദിച്ചിട്ടുള്ള TBHG/pay fixation കേസുകളിൽ വ്യത്യാസം കണ്ടെത്തുന്ന പക്ഷം,

ബന്ധപ്പെട്ട ജീവനക്കാരന്റെ Service Book, മുൻകാല promotion orders, Rule 28 A pay fixation orders, TBHG orders എന്നിവ പരിശോധിച്ച് competent authority ആവശ്യമായ review/re-fixation നടപടി സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിലുള്ള review/re-fixation മൂലം അധികമായി ശമ്പളം നൽകിയിട്ടുണ്ടെങ്കിൽ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും ബാധകമായ നിയമ/ചട്ട വ്യവസ്ഥകൾക്കും വിധേയമായി recovery സംബന്ധിച്ച നടപടി സ്വീകരിക്കേണ്ടതാണ്. ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാരുടെ TBHG അനുവദിക്കുമ്പോൾ എല്ലാ വകുപ്പ് മേധാവികളും/നിയമനാധികാരികളും മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്:-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II),കേരളം, തിരുവനന്തപുരം.
3.എല്ലാ വകുപ്പ് തലവന്മാർക്കും.
4.സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
5.നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് (www.finance.kerala.gov.in).
6.കരുതൽ ഫയൽ/ഓഫീസ് കോപ്പി **(E-1309837/PRC-A1/2019-Fin).**

ഉത്തരവിൻ പ്രകാരം
Anitha
സെക്ഷൻ ഓഫീസർ